## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2258. 20.06. 2012-ൽ മറുപടിയ്ക്ക്**

## ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സൊസൈറ്റികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. ഗീതാ ഗോപി | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എത്ര സൊസൈറ്റികൾ പ്രവർത്തിക്കുന്നു എന്നും ഏതൊക്കെ രോഗങ്ങളുടെ നിയന്ത്രണം ലക്ഷ്യമിട്ടാണ് പ്രസ്തുത സൊസൈറ്റികൾ പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ; | (എ) | ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലുണ്ടായിരുന്ന ക്ഷയം, കുഷ്ഠം, നേത്രരോഗം തുടങ്ങിയവയ്ക്കുള്ള സൊസൈറ്റികൾ സംസ്ഥാന കുടുംബക്ഷേമ സൊസൈറ്റിയിൽ ലയിച്ചു. ആരോഗ്യ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വെൽഫെയർ സൊസൈറ്റി ഫോർ ദി ലോക്കോമോട്ടോർ ഡിസേബിൾഡും, സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ (എസ്.എം.എ.പി) ഉം മാത്രമേ നിലവിലുള്ളൂ. |
| (ബി) | പ്രസ്തുത സൊസൈറ്റികളുടെ ഘടന, സംസ്ഥാനജില്ലാതലത്തിലെ നിയന്ത്രണങ്ങൾ, ഉദ്യോഗസ്ഥരുടെ വിവരം ഇവ സൊസൈറ്റി തിരിച്ച് വ്യക്തമാക്കാമോ? | (ബി) | ആരോഗ്യ വകുപ്പിലെ ജീവനക്കാർ തന്നെയാണ് രണ്ട് സൊസൈറ്റികളുടേയും പ്രവർത്തനങ്ങൾ നടത്തുന്നത്. വെൽഫെയർ സൊസൈറ്റി ഫോർ ദി ലോക്കോമോട്ടോർ ഡിസേബിൾഡിന്റെ ചെയർപേഴ്സൺ സംസ്ഥാന ആരോഗ്യ വകുപ്പ് സെക്രട്ടറിയും, കൺവീനർ സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടറും ഹോണററി സെക്രട്ടറി സംസ്ഥാന ആരോഗ്യ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ (മെഡിക്കൽ ആന്റ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ) ഉം ആണ്. എസ്.എം.എ.പി.യുടെ ചെയർപേഴ്സൺ സംസ്ഥാന ആരോഗ്യ വകുപ്പ് മന്ത്രിയും കൺവീനർ സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടറുമാണ്. ഹോണററി സെക്രട്ടറി സംസ്ഥാന ആരോഗ്യ വകുപ്പ് സെക്രട്ടറിയാണ്. |

B.V. Kumar

സെക്ഷൻ ഓഫീസർ